# ADARRT PALA

## ഗാന്ധിദർശൻ പരിപാടി

**ബഹുമാനപ്പെട്ട പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്**

അഡാർട്ടും, കോട്ടയം ജില്ലാ സർവ്വോദയ മണ്ഡലവും സംയുക്തമായി എറണാകുളം ഗാന്ധി പീസ് ഫൗണ്ടേഷന്റെ സഹകരണത്തോടെ കഴിഞ്ഞ വർഷം നടത്തിയ ഗാന്ധിദർശൻ പരിപാടിയെക്കുറിച്ച് അറിഞ്ഞിരിക്കുമല്ലോ.

ഈ വർഷം കൂടുതൽ സ്കൂളുകളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. 'ഗാന്ധിയൻ ദർശനങ്ങളും ലഹരിവിരുദ്ധസമൂഹവും' എന്ന പുസ്തകമാണ് കഴിഞ്ഞ വർഷം പഠനത്തിനായി നൽകിയിരുന്നത്. പ്രസ്തുത പുസ്തകം ഏതാനും പേജുകൾ കൂടി വർദ്ധിപ്പിച്ച് ഈ വർഷവും പ്രസിദ്ധീകരിക്കുന്നു. 30 രൂപാ മുഖവിലയുള്ള പുസ്തകത്തിന് ഈ വർഷവും 15 രൂപയാണ് കുട്ടികൾ നൽകേണ്ടത്. ( മൂന്ന് രൂപ സ്കൂളിലെ ചെലവുകൾക്കായി ഉപയോഗിക്കാം. 12 രൂപ അഡാർട്ടിൽ ഏൽപിക്കണം). ഈ പുസ്തകത്തെ അടിസ്ഥാനപ്പെടുത്തി ഒറ്റവാക്കിൽ ഉത്തരമെഴുതാവുന്നവിധമുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തി ഒരു പരീക്ഷ നവംബർ രണ്ടാമത്തെ ആഴ്ച അതതു സ്കൂളുകളിൽ വച്ച് നടത്തുന്നതാണ്. അതിനുള്ള ചോദ്യപേപ്പർ നൽകുന്നതാണ്. പ്രസ്തുത പരീക്ഷയുടെ മൂല്യനിർണ്ണയം അതതു സ്കൂളിൽതന്നെ നടത്തി HSS,HS,UP വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന 3 വിദ്യാർത്ഥികളെ വീതം 2018 ജനുവരിയിൽ അഡാർട്ടിൽ വച്ച് നടത്തുന്ന ക്വിസ് മത്സരത്തിൽ പങ്കെടുപ്പിക്കണം. പ്രസ്തുത മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടി വിജയിക്കുന്നവർക്ക് 2000,1500,1000 രൂപാ വീതം ക്യാഷ് അവാർഡുകളും തുടർന്ന് 10–ാം സ്ഥാനം വരെ പ്രോത്സാഹനസമ്മാനങ്ങളും നൽകുന്നതാണ്. കൂടാതെ പരീക്ഷ എഴുതുന്ന കുട്ടികൾക്കെല്ലാം ഗ്രേഡ് അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്.

നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരുന്ന അക്രമങ്ങൾക്കും വിഭാഗീയതയ്ക്കും വർഗ്ഗീയതയ്ക്കും പരിഹാരം ഗാന്ധിമാർഗ്ഗത്തിൽ കൂടിയുള്ള പരിശീലനമാണെന്ന തിരിച്ചറിവോടുകൂടി അങ്ങയുടെ സ്കൂളിൽ നിന്നും പരമാവധി കുട്ടികളെ ഈ പരിപാടിയിൽ പങ്കെടുപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പുസ്തകം അഡാർട്ടിൽ എത്തിയിട്ടുണ്ട്. വേണ്ട പുസ്തകത്തിന്റെ എണ്ണം ഉടനെ അറിയിക്കുമല്ലോ.

പാലാ

08.08.2017

സസ്നേഹം

ഡയറക്ടർ അഡാർട്ട്, പാലാ

**Ph: 9497008157**